KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.101/PR/PIC/PHQ/17 Date : 16.05.2017

## അമിത പലിശക്കാർക്കെതിരെ കർശന നടപടിക്ക് നിർദ്ദേശം

സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ഡോ. ടി.പി.സെൻകുമാർ നിർദ്ദേശം നൽകി. സംസ്ഥാനത്തെ മലയോര ഗ്രാമങ്ങളിലും പാലക്കാട് പോലുള്ള ജില്ലകളിലും അമിത പലിശയ്ക്ക് പണം നൽകുന്നവരുടെ ചതിയിൽപ്പെട്ട് വളരെയധികം കുടുംബങ്ങൾ ദുരിതം അനുഭവിക്കുന്നതായുള്ള വാർത്തകളെ തുടർന്നാണ് ഈ നിർദ്ദേശം. ഇക്കാര്യത്തിൽ ലഭിക്കുന്ന പരാതികളിൽ എല്ലാ ജില്ലാ പോലീസ് മേധാവിമാരും സർക്കുലർ 10/2014, എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 12/2014 എന്നിവ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കണം. കേരള മണി ലെൻഡേഴ്സ് ആക്ട് 1958 (KMLA), കേരള പ്രൊഹിബിഷൻ ഓഫ് ചാർജിങ്ങ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട് 2012 (KPCEI Act) എന്നീ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം ഇത്തരം അമിത പലിശക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ജില്ലാ പോലീസ് മേധാവിമാർ ഉറപ്പുവരുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച പരാതികൾ **8547546600** എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്.

***************